# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :4 | 03.02.2020-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.കെ.രാജൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | ശ്രീ.പി.തിലോത്തമൻ<br>ഭക്ഷ്യവും, പൊതുവിതരണവും.<br>വകുപ്പ് മന്ത്രി |

**ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ പ്രവർത്തന വിപുലീകരണം**

| | |
| --- | --- |
| (എ) അവശ്യവസ്തുക്കളുടെ പൊതുവിതരണം എന്ന കാര്യത്തിൽ മാത്രം ഒതുങ്ങിനിന്ന ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ പ്രവർത്തനമേഖല വിപുലപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) റേഷൻകടകളുടെ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി പൊതു ജനങ്ങൾക്ക് ഉപകാര പ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാക്കുന്നതിന് റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യ പടിയായി കുപ്പിവെള്ളം, സപ്ലൈകോ ശബരി ഉൽപന്നങ്ങൾ എന്നിവയുടെ വിതരണം കോഴിക്കോട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ശബരി ഉൽപ്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, ഉപ്പ്, കറി പൗഡറുകൾ, കായം, സോപ്പ്, അപ്പപ്പൊടി എന്നിവ വിതരണം നടത്തി വരുന്നു. |
| (ബി) പൗരന്മാരുടെ ഭക്ഷണ അവകാശം സംരക്ഷിക്കുന്നതിന് ചുമതലപ്പെട്ട വകുപ്പായി ഭക്ഷ്യപൊതുവിതരണ വകുപ്പ് മാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 ലെ Chapter 2 Clause 3 പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടു വരുന്ന ഓരോ അംഗത്തിനും പ്രതിമാസം 5 കിലോഗ്രാം ഭക്ഷ്യധാന്യം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അന്ത്യോദയ |

അന്നയോജന വിഭാഗത്തിലുൾപ്പെടുന്ന കുടുംബങ്ങൾക്ക് ഓരോ മാസവും 35 കിലോഗ്രാം ഭക്ഷ്യധാന്യം നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം മുൻഗണനാ വിഭാഗത്തിന് കിലോയ്ക്ക് രണ്ടു രൂപ നിരക്കിലും എ.എ.വൈ. വിഭാഗത്തിന് പൂർണ്ണമായും സൗജന്യ-മായും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. ഈ ഇനത്തിൽ 1,54,80,040 അംഗങ്ങൾക്ക് ഭക്ഷ്യധാന്യം നൽകി വരുന്നു. നിലവിൽ 1.04 കോടി ജനങ്ങൾക്ക് സബ്സിഡി നിരക്കിൽ (കിലോയ്ക്ക് 4/- രൂപ) ഓരോ മാസവും രണ്ട് കിലോ അരിയും, ഓരോ കുടുംബത്തിനും 2 മുതൽ 3 വരെ കിലോഗ്രാം ആട്ടയും വിതരണം ചെയ്തു വരുന്നു. കൂടാതെ 24.48 ലക്ഷം (പൊതുവിഭാഗം നോൺ സബ്സിഡി) കുടുംബങ്ങൾക്ക് മാസംതോറും ഭക്ഷ്യ ധാന്യം ലഭിക്കുന്നതിനനുസരിച്ച് വിതരണം ചെയ്തുവരുന്നു. (2020 ജനുവരി മാസത്തിൽ 10 കിലോഗ്രാം അരിയും 2 മുതൽ 3 കിലോഗ്രാം വരെ ആട്ടയും വിതരണം ചെയ്തു). ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നിലവിൽ വന്നിട്ടുണ്ട്. നിയമത്തിന്റെ Chapter 2 ൽ പ്രതിപാദിക്കുന്ന രീതിയിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം

നടത്തുന്നുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനും ഭക്ഷ്യധാന്യങ്ങൾ നൽകുന്നത് സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനും സംസ്ഥാന ഭക്ഷ്യ കമ്മീഷന് അധികാരമുണ്ട്.

സംസ്ഥാനത്തെ പാതയോരങ്ങളിലും റെയിലിന്റെ പരിസരത്തും റോഡ് വക്കിലും ഷെഡ് കെട്ടി താമസിക്കുന്നവർക്ക പോലും റേഷൻ കാർഡ് നൽകുകയും ആയത് വഴി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരം പൗരന്മാരുടെ ഭക്ഷണ അവകാശം സംരക്ഷിക്കുന്നതിന് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) ഏതെങ്കിലും കാരണവശാൽ റേഷൻ വിഹിതം ലഭിക്കാത്തവർക്ക് ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന ഭക്ഷ്യഭദ്രതാ ബത്ത നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) ഉണ്ട്.ഭക്ഷ്യഭദ്രതാ നിയമം 2013 ലെ അനുച്ഛേദം (8) പ്രകാരം എ.എ.വൈ, മുൻഗണന വിഭാഗത്തിലുള്ള കാർഡുടമയ്ക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യം ലഭ്യമാക്കാൻ കഴിഞ്ഞില്ലെങ്കിൽ ടി ആൾക്കാർക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി വിഷയം പരിശോധിക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയോഗിക്കണമെന്ന് 2015 ലെ ഫുഡ് സെക്യൂരിറ്റി അലവൻസ് റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ളതിന്റെഅടിസ്ഥാനത്തിൽ കേരളാ ഫുഡ് സെക്യൂരിറ്റി റൂൾസ് 2018 ലെ ചട്ടം 25 പ്രകാരം റേഷനിംഗ് |

ഇൻസ്പെക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി നോഡൽ ഓഫീസർ റേഷൻ കടയിൽ പരിശോധന നടത്തുമ്പോൾ, ഫോൺ മുഖാന്തിരമോ, എഴുതി തയ്യാറാക്കിയോ ഗുണ-ഭോക്താക്കൾ പരാതി ബോദ്ധ്യപ്പെടു-ത്തിയാൽ ആയത് പരിശോധിച്ച് ജില്ലാതല പരാതി പരിഹാര ഓഫീസർക്ക് റിപ്പോർട്ട് നൽകേണ്ടതും ജില്ലാതല പരാതി പരിഹാര ഓഫീസർ ടി പരാതിയിൻമേൽ തീർപ്പ് കൽപ്പിച്ച് ഗുണഭോക്താവിന് അവരുടെ അർഹത-പ്പെട്ട ഫുഡ് സെക്യൂരിറ്റി അലവൻസ് റേഷൻ വ്യാപാരിയുടെ സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നോ ഡീലർ കമ്മീഷനിൽ നിന്നോ ഈടാക്കി നൽകുന്നുണ്ട്. സംസ്ഥാനത്ത് നാളിതു വരെ 22 കാർഡുടമകൾക്ക് 11327.50/- രൂപ ഫുഡ് സെക്യൂരിറ്റി അലവൻസായി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ